**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകൾ സ്മാർട്ടാക്കി മാറ്റുന്നത് കൊണ്ടുള്ള മെച്ചങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷി ഭവനുകളെ സ്മാർട്ടാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട് |
| (ബി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | സ്മാർട്ട് കൃഷിഭവൻ പദ്ധതി വാർഷിക ബജറ്റ് അനുസരിച്ച് ഘട്ടം ഘട്ടം ആയാണ് നടപ്പിലാക്കി വരുന്നത്. സ്മാർട്ട് കൃഷിഭവൻ ആക്കി മാറ്റുന്നതിനു വേണ്ടി പരിഗണിക്കുന്ന കൃഷിഭവനുകളുടെ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി കൃഷി ഭവൻ ഉൾപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരത്തിൽ കൃഷി ഭവനുകൾ സ്മാർട്ടാക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും സ്മാർട്ടാക്കി മാറ്റുന്നത് കൊണ്ടുള്ള മെച്ചങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ? | (സി) | E governance സാങ്കേതിക വിദ്യ സംയോജിപ്പിക്കുകയും, കൃഷി ഭവനുകളെ നവീകരിക്കുകയും കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഇപ്രകാരം കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിനു കൂടുതൽ സമയം ചിലവഴിക്കാൻ സാധിക്കും എന്നതും ഈ പദ്ധതിയുടെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ